**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1631

02/07/2015 - ൽ മറുപടിക്ക്

## കുടുംബശ്രീ പദ്ധതികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

(എ) കുടുംബശ്രീ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

(എ) കുടുംബശ്രീ വഴി നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ താഴെപ്പറയുന്നവയാണ്.

I) സാമ്പത്തിക ശാക്തീകരണ പദ്ധതികൾ
1. ലഘു സമ്പാദ്യ വായ്പാ പദ്ധതി
2. പലിശ സബ്സിഡി പദ്ധതി
3. മാച്ചിംഗ് ഗ്രാന്റ്, ബാങ്ക് ലിങ്കേജ്
4. ഭവനശ്രീ പദ്ധതി

II) സൂക്ഷ്മ സ്വയം തൊഴിൽ വികസന പദ്ധതികൾ
1. സൂക്ഷ്മ സ്വയം തൊഴിൽ പരിപാടി
2. യുവശ്രീ പദ്ധതി
3. ഇന്നവേഷൻ, ടെക്നോളജി ഫണ്ട്
4. റിവോൾവിംഗ് ഫണ്ട്
5. ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്
6. യൂണിറ്റുകളുടെ ക്ലസ്റ്ററിംഗും, നെറ്റ് വർക്കിംഗും
7. സാന്ത്വനം പദ്ധതി

III) പ്രാദേശിക സാമ്പത്തിക വികസന പരിപാടികൾ
1. സ്പെഷ്യൽ ലൈവിലിഹുഡ് പ്രോഗ്രാം
2. സീറോ വേസ്റ്റ് ഡെസ്റ്റിനേഷൻ
3. സമഗ്ര പദ്ധതികൾ
   a) നേന്ത്രൻ
   b) ഹരിതശ്രീ
   c) ക്ഷീരശ്രീ
   d) നെടുമ്പന മിനി അപ്പാരൽ പാർക്ക്
   e) മധുരം
   f) അലങ്കാര മത്സ്യം വളർത്തൽ
   g) ക്ഷീരസാഗരം
   h) തിരുമധുരം
   i) ഹരിതം
   j) നിവേദ്യം
   k) കൊണ്ടാട്ടം

l) ചെരുപ്പ് അപ്പർ നിർമ്മാണം

m) ആട് ഗ്രാമം

n) സഫലം

4. സംഘകൃഷി
5. മാസചന്ത
6. ഫിനിഷിംഗ് സ്കൂൾ

IV) സാമൂഹ്യ ശാക്തീകരണ പദ്ധതികൾ

1. ആശ്രയ
2. ബഡ്സ് സ്പെഷ്യൽ സ്കൂൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ
3. ബാലസഭ, ബാലപഞ്ചായത്ത്, ഹോളിസ്റ്റിക്ക് ഹെൽത്ത് പ്രോഗ്രാം
4. സ്ത്രീ പദവി സ്വയം പഠനം പ്രവർത്തനങ്ങൾ
5. സോഷ്യൽ ഓഡിറ്റിംഗ് പ്രവർത്തനങ്ങൾ
6. പട്ടിക ജാതി വികസനത്തിനുള്ള സ്പെഷ്യൽ പ്രോജക്ടുകൾ
7. പട്ടിക വർഗ്ഗ സുസ്ഥിര വികസന പദ്ധതി

V) <u>സംഘടനാ ശാക്തീകരണം/ പരിശീലന പരിപാടികൾ</u>

1. സംഘടനാ ശാക്തീകരണ പരിപാടി
2. വൈദഗ്ദ്ധ്യ വികസന പരിപാടികൾ, ജനറൽ ഓറിയെന്റേഷൻ പ്രോഗ്രാം,

   ഇ ഡിപി, പെർഫോമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം, ബിസിനസ്സ് കൗൺസിലിംഗ് പ്രോഗ്രാം,
3. സിഡിഎസ് ആക്ഷൻ പ്ലാൻ

VI) <u>കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ</u>

1. ആം ആദ്മി ബീമാ യോജന, രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന
2. ഐ എച്ച്എസ്ഡിപി , ബിഎസ്‌യുപി.,ആർ.എ.വൈ
3. എൻ.യു.എൽ.എം(ദേശീയ നാഗരിക ഉപജീവന മിഷൻ)
4. എൻ.ആർ.എൽ.എം(ദേശീയ ഗ്രാമീണ ഉപജീവന മിഷൻ)
5. ഡി.ഡി.യു.ജി.കെ.വൈ(ദീൻ ദയാൽ ഉപാധ്യായ ഗ്രമീൺകൗശല്യ യോജൻ)
6. അട്ടപ്പാടി പട്ടിക വർഗ്ഗ സ്പെഷ്യൽ പദ്ധതി
7. ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പദ്ധതി
8. എം.കെ.എസ്.പി(മഹിളാ കിസാൻ സ ശാക്തീകരൺ പദ്ധതി)

ദാരിദ്ര നിർമ്മാർജ്ജനത്തിനും, സാമ്പത്തിക ശാക്തീകരണത്തിനും, സ്ത്രീ ശാക്തീകരണത്തിനുമായുള്ള വിവിധ തദ്ദേശ ഭരണതല പ്രോജക്ടുകൾ

| | |
|---|---|
| (ബി) Anti-human trafficking എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്; ഇതിന് നീക്കിവച്ച തുക എത്രയാണ്; | (ബി) ഉണ്ട്. ലോകത്തെ മൂന്നാമത്തെ സംഘടിത കുറ്റകൃത്യമായ മനുഷ്യക്കടത്ത് ഏറ്റവുമധികം നടക്കുന്നതായി നാഷണൽ കമ്മീഷൻ ഫോർ വിമൻ കണ്ടെത്തിയത് കേരളത്തിലെ ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിലെ ദേവികുളം, മാനന്തവാടി, ചിറ്റൂർ എന്നീ ബ്ലോക്കുകളിലാണ്. ഈ സാഹചര്യത്തിൽ കുടുംബശ്രീ എൻ ആർ എൽ എം(ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പദ്ധതിയുടെ ഭാഗമായി എൻ ആർ എൽ പി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ആന്റി ഹ്യൂമൺ ട്രാഫിക്കിംഗ് പ്രോജക്ട് സമർപ്പിക്കുകയും ആയത് അംഗീകരിച്ച് 2.16 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയും ചെയ്തു. പദ്ധതി വിഹിതത്തിന്റെ ആദ്യഗഡുവായ 1.08 കോടി രൂപ കുടുംബശ്രീക്ക് നിലവിൽ കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.<br><br>1)തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിലെ മനുഷ്യക്കടത്ത് തടയുക.<br>2)സംസ്ഥാനത്ത് മനുഷ്യക്കടത്തിന് ഇരയാകുന്നവർ, സംഘടനകളുടേയോ, സാമൂഹ്യ നീതി വകുപ്പ്, മറ്റ് സർക്കാർ വകുപ്പുകൾ, രക്ഷാ പ്രവർത്തകർ എന്നിവരുടെ സഹായത്താൽ മനുഷ്യക്കടത്തിനെ അതിജീവിക്കുന്നവർ/ മനുഷ്യക്കടത്തിൽ നിന്നും രക്ഷപ്പെടുന്നവർ എന്നിവരുടെ പുനരധിവാസം, ഇവരെ കുടുംബശ്രീ ശൃംഖലയിൽ എത്തിക്കുക, ഇവരെ സമൂഹത്തിന്റെ മുഖ്യ ധാരയിൽ തിരികെ എത്തിക്കുക തുടങ്ങിയവ. |

3)സാങ്കേതിക വൈദഗ്ദ്ധ്യം നൽകുകയും സാമ്പത്തിക പുനരധിവാസം നടത്തുകയും ചെയ്യുക.

4)ദേവികുളം, മാനന്തവാടി, ചിറ്റൂർ എന്നീ ബ്ലോക്കുകളെ സ്ത്രീ-ശിശു സൗഹൃദമാക്കുക

(സി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ anti human trafficking പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; ഈ ജില്ലകളിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ ?

(സി) ആന്റിഹ്യൂമൻ ട്രാഫിക്കിംഗ് പൈലറ്റ് പ്രോജക്ട് സംസ്ഥാനത്തെ ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിലെ ദേവികുളം, മാനന്തവാടി, ചിറ്റൂർ എന്നീ ബ്ലോക്കുകളിൽ നടപ്പിലാക്കി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നു.

- തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, സർക്കാരേതിര ഏജൻസികൾ എന്നിവയുടെ ഏകോപന യോഗങ്ങൾ പഞ്ചായത്ത്/ബ്ലോക്ക് തലത്തിൽ സംഘടിപ്പിച്ചു.
- കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അവബോധ-പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.
- കൗമാര പ്രായക്കാരായ കുട്ടികൾക്കുള്ള പരിശീലനങ്ങൾ സംഘടിപ്പിച്ചു.

- കമ്മ്യൂണിറ്റി കൗൺസിലർമാരെ പരിശീലനം നൽകി ടി ബ്ലോക്കുകളിൽ നിയോഗിച്ചിട്ടുണ്ട്.

- സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്കുകൾ ടി ബ്ലോക്കുകളിൽ ആരംഭിച്ചിട്ടുണ്ട്.

- ബ്ലോക്കുതല മൈഗ്രേഷൻ സെന്റർ, അക്രഡിറ്റഡ് സേഫ് ഹോംസ് എന്നിവ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.